# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 3036  20.12.2012- ൽ മറുപടിക്ക്**

**പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവർത്തനങ്ങൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എ.പി അബ്ദുള്ളക്കുട്ടി<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. എം.പി വിൻസെന്റ്<br>ശ്രീ. സണ്ണി ജോസഫ് | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവർത്തനങ്ങൾ കാര്യക്ഷമമായും സമയബന്ധിതമായും നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) | 2005- ലെ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് (കേന്ദ്ര നിയമം) അധികരിച്ച് ദുരന്ത നിവാരണത്തിനുള്ള വിവിധ പദ്ധതികളുടെ ആസൂത്രണം, സംഘാടനം, ഏകോപനം, നടപ്പാക്കൽ എന്നിവ ലക്ഷ്യമാക്കി സംസ്ഥാനത്ത് മുഖ്യമന്ത്രി ചെയർമാനായും റവന്യൂ & ഡി.എം വകുപ്പ് മന്ത്രി വൈസ് ചെയർമാനുമായുള്ള കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. അതോറിറ്റിയുടെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിന് ചീഫ് സെക്രട്ടറി ചെയർമാനായുള്ള സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയും നിലവിലുണ്ട്. ദുരന്ത മുഖങ്ങളിൽ ഫലപ്രദമായി പ്രവർത്തിക്കുന്നതിന് റവന്യൂ, പോലീസ്, ഫയർഫോഴ്സ്, ആരോഗ്യം, പൊതുമരാമത്ത്, കൃഷി, മൃഗസംരക്ഷണം, വൈദ്യുതി, ശാസ്ത്രസാങ്കേതികം തുടങ്ങിയ സർക്കാർ വകുപ്പുകളെയും, ആവശ്യമെങ്കിൽ കേന്ദ്ര സേനകളെയും സർക്കാരിതര ഏജൻസികളെയും സംസ്ഥാന തലത്തിൽ ഏകോപിപ്പിക്കുന്നത് അതോറിറ്റിയാണ്. ജില്ലാ തലങ്ങളിൽ ഇപ്രകാരം ദുരന്ത നിവാരണ/ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ജില്ലാ കളക്ടർ ചെയർമാനായ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളും രൂപീകരിച്ചിട്ടുണ്ട്. കളക്ട്രേറ്റുകളിലും താലൂക്ക് ഓഫീസുകളിലും 24 മണിക്കൂർ പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ സജ്ജമാക്കിയിട്ടുണ്ട്. ഇതിനു പുറമെ ദുരന്ത മുഖങ്ങളിൽ സമയോചിതമായി പ്രതികരിക്കുക, ദുരന്തങ്ങളുടെ ആഘാതം ലഘൂകരിക്കുക എന്നീ ലക്ഷ്യത്തോടു കൂടി 100 അംഗങ്ങളുള്ള സംസ്ഥാന ദുരന്ത നിവാരണ സേന പോലീസ് വകുപ്പിൽ |

| | | | |
|---|---|---|---|
| | | | രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സേനാംഗങ്ങൾക്ക് പ്രകൃതിക്ഷോഭ ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ പ്രത്യേക പരിശീലനം നൽകിയ ശേഷം വിവിധ ജില്ലകളിൽ വിന്യസിക്കുന്നതാണ്. ദുരന്തങ്ങൾക്ക് ശേഷം ഇടപെടുക എന്ന രീതിയിൽ നിന്നും മാറി ദുരന്തത്തിന് മുമ്പ് ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോട് കൂടിയാണ് സംസ്ഥാനത്തെ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നത്. |
| (ബി) | ദുരിതാശ്വാസ ധനസഹായം കാലതാമസമില്ലാതെ വിതരണം ചെയ്യാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ; | (ബി) & (സി) | സ്വീകരിച്ചിട്ടുണ്ട്. പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധി) നിന്ന് ധനസഹായം അടിയന്തിരമായി വിതരണം ചെയ്യുന്നതിന് വേണ്ട നിർദ്ദേശങ്ങളും ഫണ്ടും ജില്ലാ കളക്ടർമാർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഈ നിധിയിൽ ആവശ്യമായ തുക കളക്ടർമാർ ആവശ്യപ്പെടുന്ന മുറയ്ക്ക് ലഭ്യമാക്കാൻ സർക്കാർ തലത്തിൽ ശ്രദ്ധ ചെലുത്താറുണ്ട്. ആവശ്യമായ ഘട്ടങ്ങളിൽ ദുരന്തത്തിന്റെ കാഠിന്യവും സ്വഭാവവും പരിഗണിച്ച് കൂടുതൽ തുക അനുവദിക്കുകയും അധികമായി ആവശ്യമായ തുക ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചും നൽകാറുണ്ട്. |
| (സി) | ഇതിനായി എന്തെല്ലാം കാര്യങ്ങളാണ് വകുപ്പ് തലത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ